ഈ കൊല്ലം വല്ല പണികളും നടത്തുന്നുണ്ടോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ.—ഉണ്ട്.

Azhikode Primary school building.

106 മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—അഴീക്കോട്ട വില്ലേജിലെ ഏക വിദ്യാഭ്യാസസ്ഥാപനമായ മലയാളം പ്രൈമറി സ്കൂൾ കെട്ടിടത്തിന്റെ ഭയങ്കരമായ സ്ഥിതിയെകുറിച്ച് ഇനിയും ഗവർമ്മെണ്ട് ശ്രദ്ധിക്കാതിരിക്കുന്നതിന്റെ കാരണമെന്ത്"?

മിസ്റ്റർ എസ്സ്. കെ. സുബ്രഹ്മണ്യയ്യർ.—പബ്ലിക്ക് വർക്സ് ഡിപ്പാർട്ടുമെണ്ടുകാരെക്കൊണ്ട് പരിശോധിപ്പിച്ചതിൽ കെട്ടിടം മോശിസ്ഥതിയിലാണിരിക്കുന്നതെന്നറിയുന്നു. ഇപ്പോഴത്തെ കെട്ടിടം സക്കാർവകയല്ല. സ്ഥലമുടമസ്ഥനെക്കണ്ട് അറുകുറെങ്കിലും ഉടനെ തീർപ്പിപ്പാൻ ഇൻസ്പെക്ടർക്ക് കല്പന അയച്ചിട്ടുണ്ട്. ഉടമസ്ഥൻ ഉടനെ തീർക്കാത്തപക്ഷം വേറെ സൌകര്യമായ സ്ഥലം വാടകക്ക് എടുപ്പാടുചെയ്യുവാനും കല്പന കൊടുത്തിട്ടുണ്ട്".

Token Motions.

107. Mr. C. A. Kunjunni Raja.—Will the Government be pleased to place on the table of the House list of token motions carried in the Legislative Council on which action by the Government is still pending with the period of pendency in each case?

Rama Varmha Tampuran.—None.

Well in Azhikode Village.

108. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—(a) അഴീക്കോട്ട വില്ലേജിൽ പഞ്ചായത്തു വകയായി ഉണ്ടാക്കിവന്നിരുന്ന കിണറിന്റെ പണി പൂർത്തിയായോ ഇല്ലെങ്കിൽ കാരണമെന്ത്";

(b) അതിൽനിന്നു ശുദ്ധജലം കിട്ടിവരുന്നുണ്ടോ;

(c) വർഷകാലത്തുപോലും ഉപ്പുവെള്ളമാണ് കിട്ടിവരുന്നതെന്നു പറയപ്പെടുന്നതിൽ വല്ല വാസ്തവമുണ്ടോ;

(d) കെമിസ്റ്റ്റി അസിസ്റ്റന്റ പരിശോധിച്ചു കണ്ടുവെച്ച സ്ഥലത്താണൊ കിണർ കുഴിച്ചിരിക്കുന്നത്";

(e) അല്ലെങ്കിൽ സ്ഥലം മാറി കിണർ കുഴിപ്പിക്കാനുണ്ടായ കാരണം എന്തു";

(f) ഈ വിഷയമായി പഞ്ചായത്തു പ്രസിഡെണ്ടിനോട് (മേത്തല ഗ്രൂപ്പ്) സമാധാനം ചോദിച്ചിട്ടുണ്ടോ; പ്രസിഡെണ്ടിന്റെ സമാധാനം അടങ്ങിയ ഫയൽ മേശപ്പുറത്തു വെയ്ക്കുമൊ?

മിസ്റ്റർ ഐ. രാമൻമേനോൻ.—(a) പൂർത്തിയായി, പക്ഷെ ഈ വേനൽക്കു കുറെക്കൂടി തേവി ശുദ്ധമാക്കണം.

(b) ഇപ്പോൾ കിട്ടിവരുന്നില്ല.

(c) കിണർ നാലുകോൽ താഴ്ത്തിയപ്പോൾ അടിയിൽ കടച്ചെളികാണുകയും വീണ്ടും താഴ്ത്തിയതിൽ ആ ചെളി നീങ്ങി മണൽ കാണുകയും ചെയ്തു. ഇപ്പോൾ കിണറിലെ വെള്ളം ശുദ്ധജലമല്ലെങ്കിലും വേനൽക്ക് തേവി ശുദ്ധമാക്കിയാൽ ശുദ്ധജലം കിട്ടുമെന്നാണ് ആശിക്കുന്നത്".

(d) അല്ല.

(e) കെമിസ്റ്റ്റി അസിസ്റ്റന്റ നോക്കിയ സ്ഥലത്തു കിണർ കുഴിക്കുവാൻ ആരംഭിക്കുന്നതിനുമുമ്പു ഉപ്പുവെള്ളം ഒഴുകുന്ന തോടുകൾ അടുത്തുള്ളതുകൊ

LIBRARY ARCHIVES Kerala Legislative Assembly